"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിൽ ഐ.എ.വൈ. പദ്ധതി വിഹിതമായി ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുക PMAY(G) പദ്ധതിയിലെ ഗുണഭോക്താക്കൾക്കുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഇ)വകുപ്പ്**

സ.ഉ.(സാധാ) നം.2534/2025/LSGD തീയതി,തിരുവനന്തപുരം, 20-10-2025

---

പരാമർശം:-

1. പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.06.2025 ലെ SRG/577/25 – CC/290/2025 നമ്പർ കത്ത്
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡി നേഷൻ കമ്മിറ്റിയുടെ 21.08.2025 ലെ യോഗതീരുമാനം ഖണ്ഡിക നം. 4.4

**ഉത്തരവ്**

കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന് ഐ.എ.വൈ. പദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്ത് വിഹിതമായും സംസ്ഥാന സർക്കാർ വിഹിതമായും ലഭിച്ചതിൽ ചെലവഴിക്കപ്പെടാതെ കിടക്കുന്ന 2, 13, 10,181 രൂപ (രണ്ടു കോടി പത്തിമൂന്നു ലക്ഷത്തി പതിനായിരത്തി ഒരുന്നൂറ്റി എണ്പത്തിയൊന്നു രൂപ )PMAY(G) പദ്ധതിയിലെ ജനറൽ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി നൽകാൻ അനുമതിയ്ക്കായി പരാമർശം 1 പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിനായി സമർപ്പിച്ചിരുന്നു.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 21.08.2025 ലെ യോഗം ഈ വിഷയം വിശദമായി പരിശോധിച്ചു. കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിൽ ഐ.എ.വൈ. പദ്ധതി വിഹിതമായി ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുക PMAY(G) പദ്ധതിയിലെ പൊതുവിഭാഗം ഗുണഭോക്താക്കൾക്കുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി നൽകുന്നതിന് ചുവടെ ചേർക്കുന്ന നിബന്ധനകളോടെ, അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. നിലവിലെ ഭരണ സമിതിയുടെ കലാവധിയ്ക്കു മുൻപുതന്നെ ചെലവഴിക്കപ്പെടാതെ കിടക്കുന്ന വിഹിതം പി.എം.എ.വ.(ജി)യ്ക്ക് ഉപയോഗിക്കേണ്ടതാണ്.

ii. പട്ടികജാതി വിഭാഗത്തിന് മതിയായ വിഹിതം ഉറപ്പാക്കിയതിനു ശേഷം മാത്രമേ പൊതു

വിഭാഗം ഗുണഭോക്താക്കൾക്ക് ഈ വിഹിതം ഉപയോഗിക്കാവൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്തിരുവനന്തപുരം

സെക്രട്ടറി, കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത്

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ഓഡിറ്റ്),കേരള,തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ(ഡി എ) വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Sheeba. S. C

Date: 21-10-2025 12:52:29

സെക്ഷൻ ഓഫീസർ